പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1941 04.10.2011-ൽ മറുപടിക്ക്

## ആറ്റിങ്ങൽ നഗരസഭയ്ക്ക് മാലിന്യസംസ്കരണത്തിന് പ്രത്യേക സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) ഏഴു വർഷം തുടർച്ചയായി ശുചിത്വ നഗരം എന്ന അംഗീകാരം ലഭിച്ച ആറ്റിങ്ങൽ നഗരസഭക്ക് മാലിന്യസംസ്കരണത്തിന് വേണ്ടി പ്രത്യേക സഹായം നൽകാൻ കഴിയുമോ; | എ) ആറ്റിങ്ങൽ നഗരസഭയിൽ നിലവിലുള്ള ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റിന്റെ വിപുലീകരണം, പുനരുദ്ധാരണം എന്നിവയിലേയ്ക്കായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം വിജ്ഞാപനം ചെയ്ത 2000-മാണ്ടിലെ നഗരഖരമാലിന്യ (പരിപാലനവും കൈകാര്യം ചെയ്യൽ) ചട്ടങ്ങൾ പ്രകാരം, പദ്ധതികൾക്ക് രൂപം നൽകി സമർപ്പിക്കുകയാണെങ്കിൽ ആയതിനുള്ള സാങ്കേതിക സഹായവും ഭാഗിക സാമ്പത്തിക സഹായവും ശുചിത്വമിഷൻ മുഖേന നൽകാവുന്നതാണ്. |
| ബി) ഗതാഗതക്കുരുക്കും അടിസ്ഥാന സൗകര്യക്കുറവും സാമ്പത്തിക ബുദ്ധിമുട്ടും നേരിടുന്ന ആറ്റിങ്ങൽ മുനിസിപ്പാലിറ്റിക്ക് പ്രത്യേക ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ ? | ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ